**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കൊച്ചി നഗരസഭാ കോർപ്പറേഷന്റെ സീവേജ് പദ്ധതിയ്ക്കായി വികസന ഫണ്ട് ചെലവഴിച്ച നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം.2376/15/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം , 03/08/2015.

പരാമർശം - 1) 15/01/2013-ലെ സ.ഉ(സാധാ) നം..317/2013/ധന. നമ്പർ ഉത്തരവ്

2) 16/01/2013-ലെ സ.ഉ(സാധാ) നം.106/2013/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

3) കൊച്ചി നഗരസഭാ കോർപ്പറേഷൻ സെക്രട്ടറിയുടെ 27/10/2014-ാം തീയതിയിലെ എം.ഒ.പി2/17127/12 നമ്പരിലുള്ള കത്ത്

**ഉത്തരവ്**

കൊച്ചി കോർപ്പറേഷന്റെ സീവേജ് പദ്ധതിയ്ക്കായി ആവശ്യമായിരുന്ന 5.70 കോടി രൂപയിൽ 2,50,32,700/- രൂപ (രണ്ടുകോടി അമ്പതു ലക്ഷത്തി മുപ്പത്തിരണ്ടായിരത്തി എഴുന്നൂറ് രൂപാ മാത്രം) റിലീസ് ചെയ്യുവാനുള്ള വികസനഫണ്ടിലെ അവസാനത്തെയും 10- ാമത്തെയും ഗഡുവായി മുൻകൂറായി അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. 2012-13 സാമ്പത്തിക വർഷത്തിൽ ആവശ്യമായി വരുന്ന ബാക്കി തുക കോർപ്പറേഷന്റെ തനതുഫണ്ടിൽനിന്നും വിനിയോഗിക്കുന്നതിന് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു.

എന്നാൽ കൊച്ചി നഗരസഭാ കോർപ്പറേഷന്റെ സാമ്പത്തിക ബുദ്ധിമുട്ടുകാരണം പ്രസ്തുത തുക തനതുഫണ്ടിൽ നിന്നും കണ്ടെത്താൻ കഴിയാതെ വരുകയും ടി തുക അടിയന്തിരമായി സ്പെഷ്യൽ തഹസിൽദാർ(എൽ.എ) യ്ക്ക് കൈമാറിയില്ലെങ്കിൽ പൊന്നുംവില നടപടി ഡിനോവ ആകും എന്നതിനാലും 2013--14 സാമ്പത്തികവർഷത്തെ വികേന്ദ്രീകൃതാസൂത്രണ പദ്ധതിവിഹിതത്തിൽ സേവന മേഖലയിൽ ടി പദ്ധതി പ്രോജക്ടായി ഉൾപ്പെടുത്തുകയും പ്രസ്തുത പദ്ധതിയ്ക്ക് ഡി.പി.സി അംഗീകാരം നല്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക വികസനഫണ്ടിൽ നിന്നും കൊച്ചി കോർപ്പറേഷൻ വിനിയോഗിക്കേണ്ടി വരുകയും സർക്കാർ ഉത്തരവിന് വിരുദ്ധമായി വികസനഫണ്ട് ചെലവഴിച്ചതിന് ഓഡിറ്റ് പരാമർശം ഉണ്ടായ സാഹചര്യത്തിൽ, പ്രസ്തുത തുക വികസനഫണ്ടിൽനിന്നും ചെലവഴിച്ച നടപടി സാധൂകരിക്കണമെന്ന് കൊച്ചി കോർപ്പറേഷൻ സെക്രട്ടറി പരാമർശം (3) പ്രകാരം അപേക്ഷിച്ചിരുന്നു.

ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 12-ാം പഞ്ചവത്സര പദ്ധതിയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളിലെ അനുബന്ധം 1 ഖണ്ഡിക 12(iv)എ പ്രകാരം കൊച്ചി നഗരസഭയുടെ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനു

വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി 2012-13 സാമ്പത്തിക വർഷം വികസനഫണ്ടിൽനിന്നും ചെലവഴിച്ച തുകയ്ക്ക് പുറമേ ആവശ്യമായി വന്ന തുക 2013-14 സാമ്പത്തിക വർഷം ഡി.പി.സി അംഗീകാരത്തോടുകൂടി പദ്ധതിയിലുൾപ്പെടുത്തി വികസനഫണ്ടിൽനിന്നും കൊച്ചി കോർപ്പറേഷൻ ചെലവഴിച്ച നടപടി സാധൂകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.കെ.രാജഗോപാലൻ നായർ,
ഡെപ്യൂട്ടി സെക്രട്ടറി
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി.

സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-എൽ.ബി.എ & എ), തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.